**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 138** **27-01-2026 - ൽ മറുപടിയ്ക്ക്**

**വിജിലൻസ് കേസുകളുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | വ്യാജ യാത്രാപ്പടി ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഫണ്ടിൽനിന്നും പണം തട്ടിയെടുത്തതിന് മുൻ ബോർഡ് അംഗങ്ങളായ ആർക്കെല്ലാമെതിരെയാണ് വിജിലൻസ് കേസുള്ളതെന്നും പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കാമോ? | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷണനും (മുൻ MLA), തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ മെമ്പറായിരുന്ന ശ്രീ. അജയ് തറയിലും 12.11.2015 നും 14.11.2017 നും ഇടയ്ക്ക് പൊതു സേവകർ എന്ന നിലയിൽ തങ്ങളുടെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ടൂർ നോട്ടിൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽ യാത്ര ചെയ്യാതെ യാത്ര ചെയ്തതായി കാണിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും പരിധി മറികടന്ന് T.A ഇനത്തിൽ അനധികൃതമായി യഥാക്രമം 7,051.50/-, 22,858.50/- രൂപ കൈപ്പറ്റിയതിലും, ശബരിമലയിൽ 2016-17 വർഷം അന്നദാനം നടത്തിയതുമായി ബന്ധപ്പെട്ട ആരോപണങ്ങൾ സംബന്ധിച്ചും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് -I ഓഫീസിൽ വി. സി. 05/2022/എസ്.ഐ.യു-I നമ്പരായി 20.07.2022 തീയതി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. നാളിതുവരെ നടത്തിയ അന്വേഷണത്തിൽ T.A. ബില്ലിനത്തിൽ ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ 7,051.50/- രൂപയും, ശ്രീ. അജയ് തറയിൽ 22,858.50/- രൂപയും അധികമായി മാറിയെടുത്തതായി കണ്ടെത്തി. അന്വേഷണം അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ